Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

31.10.2026

കാൻവോക് വാക്കത്തോൺ;
ജൂബിലി മിഷൻ നഴ്സിങ്ങ് വിദ്യാർത്ഥികൾക്ക് ഒന്നാം സ്ഥാനം

തൃശ്ശൂർ ഗൈനക് ഡോക്ടർമാരുടെ സംഘടനയായ തൃശ്ശൂർ ഒബ്സ്ട്രിക്സ് ആന്റ് ഗൈനക്കോളജി സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കാൻവോക് സ്തനാർബുദ ബോധവത്കരണ വാക്കത്തോൺ പരിപാടിയിൽ ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം നേടി.

തൃശ്ശൂർ മേയർ ഡോ. നിജി ജസ്റ്റിൻ ഫ്ളാഗ് ഓഫ് ചെയ്തു. പ്രമുഖ സിനിമാ താരം ലെന മോഹൻകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. ഗൈനക്കോളജി വിദഗ്ധരും ജില്ലയിലെ നഴ്സിങ്ങ് കോളേജ് വിദ്യാർത്ഥികളും പങ്കെടുത്തു. ഇതിനോടനുബന്ധിച്ച് നഴ്സിങ്ങ് വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ വാക്കത്തോൺ, ഡാൻസ് ഡ്രാമ മത്സരങ്ങളിൽ ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജ് വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സിനിമാതാരം ലെന മോഹൻകുമാർ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും സമ്മാനിച്ചു. ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് അസി. ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ, പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്.ഐ.സി., വൈസ് പ്രിൻസിപ്പാൾ ഡോ. സി. ട്രീസ ആന്റോ എന്നിവർ സമ്മാന ജേതാക്കളായ കുട്ടികളേയും നേതൃത്വം നൽകിയ ഒബ്സ്ട്രിക്സ് ആന്റ് ഗൈനക്കോളജി നഴ്സിങ്ങ് ഡിപ്പാർട്ട്മെന്റിനേയും അഭിനന്ദിച്ചു.